ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. നീറ്റ് വിഷയത്തിൽ പാർലമെൻറിൽ ഇന്നും പ്രതിഷേധം , പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ രണ്ട് മണിവരെയും രാജ്യസഭ 2.15 വരെയും നിർത്തിവെച്ചു.

**Protests Continue in Parliament Over NEET Issue; Lok Sabha Adjourned Until 2 PM and Rajya Sabha Until 2:15 PM Amid Opposition Uproar.**

2. വികസിത ഭാരതത്തിന് ഭാവി കേന്ദ്രീകൃത വിദ്യാഭ്യാസ വ്യവസ്ഥ സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി.

**Union Minister Pralhad Joshi Says Government Will Create Future-Centric Education System for Developed India.**

3. രാജ്യത്ത് യന്ത്രവൽകൃത ശുചീകരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ.

**Union Government to Expand Mechanized Sanitation Operations Across the Country.**

4. ലോകസമാധാനത്തിന് ഓർമപ്പെടുത്തലായി ഇന്ന് ഹിരോഷിമാ ദിനം.

**Today Marks Hiroshima Day as a Reminder of World Peace**

5. കേരളത്തിൽ മഴക്കെടുതികൾ തുടരുന്നു , ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രത, കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**Rain Havoc Continues in Kerala; Orange Alert Imposed in Seven Districts Today and Fishing Banned Along Kerala, Karnataka, and Lakshadweep Coasts Until Saturday.**

6. ലോക അണ്ടർ-20 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ ഫൈനലിൽ കടന്നു.

**Three Indian Athletes Advance to Finals at World Athletics U20 Championships**

$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**LS – ADJOURN (INTRO)**

*നീറ്റ് വിഷയത്തിലെ വിദ്യാർത്ഥി പ്രതിഷേധത്തിന് നേരെയുണ്ടായ പോലീസ് നടപടി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ബഹളം രൂക്ഷമായതോടെ ലോക്സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെച്ചു. ഹിരോഷിമ, നാഗസാക്കി അണുബോംബാക്രമണത്തിന് ഇരയായവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ലോക്സഭയിൽ നടപടിക്രമങ്ങൾ ആരംഭിച്ചത്.*

***തുടർന്ന് ചോദ്യോത്തര വേളയിലേക്ക് കടക്കാൻ സ്പീക്കർ ശ്രമിച്ചതോടെ പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തിറങ്ങുകയായിരുന്നു. വിദ്യാർത്ഥി സമരത്തിന് നേരെയുണ്ടായ പോലീസ് നടപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സഭയിൽ നേരിട്ട് വിശദീകരണം നൽകണമെന്ന് പ്രതിപക്ഷാംഗങ്ങൾ ആവശ്യപ്പെട്ടു. പ്രതിപക്ഷം ബഹളം തുടർന്നതോടെയാണ് സഭ 2 മണി വരെ നിർത്തിവെക്കാൻ സ്പീക്കർ ഓം ബിർള ഉത്തരവിട്ടത്.***

***(ഹോൾഡ്)***

***12 മണിക്ക് പുനരാരംഭിച്ച രാജ്യസഭയിലും പ്രതിപക്ഷം ബഹളം തുടർന്നതിനാൽ നടപടികൾ 2.15 വരെ നിർത്തിവെച്ചിരിക്കുകയാണ്.***

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**JOSHI-EDUCATION MEETING**

രാജ്യത്ത് ഭാവിക്ക് അനുയോജ്യമായ വിദ്യാഭ്യാസ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. ഓരോ പഠിതാവിനെയും ശാക്തീകരിക്കുന്നതിനൊപ്പം വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് സംഭാവന നല്കുന്നതുമാവണം വിദ്യാഭ്യാസ രംഗമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രധാന മുൻഗണനകൾ യോഗത്തിൽ ചർച്ചയായി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**RS- MANUAL SCAVENGERS**

രാജ്യത്ത് യന്ത്രവൽകൃത ശുചീകരണ സംവിധാനങ്ങൾ വ്യാപിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ. ഇതിലൂടെ ശുചീകരണ തൊഴിലാളികളുടെ അന്തസ്സും സുരക്ഷയും പുനരധിവാസവും ഉറപ്പാക്കാൻ കഴിയും. എല്ലാ രൂപത്തിലുമുള്ള മനുഷ്യ ശുചീകരണ പ്രവൃത്തികളും ഇല്ലാതാക്കാൻ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും ഏകോപിപ്പിച്ച് പ്രവർത്തിക്കുമെന്നും, അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

### HIROSHIMA DAY

ഇന്ന് ഹിരോഷിമ ദിനം. 1945 ഓഗസ്റ്റ് 6 നാണ് ജപ്പാനിലെ ഹിരോഷിമ നഗരത്തിൽ അമേരിക്ക 'ലിറ്റിൽ ബോയ്' എന്ന അണുബോംബ് വർഷിച്ചത്. ആക്രമണത്തിൽ ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും തലമുറകളോളം അതിന്റെ ദുരന്തങ്ങൾ അനുഭവിക്കുകയും ചെയ്തു. അണുബോംബ് ആക്രമണത്തിൽ ഇരയായവരെ സ്മരിക്കാനും, യുദ്ധഭീകരതക്കും ആണവായുധങ്ങൾക്കും എതിരെ സമാധാനത്തിന്റെ സന്ദേശം പകരാനാണ് ദിനാചരണം ലക്ഷ്യമിടുന്നത്.

$$$$$$$$$$$$$$$$$$$$$$$$$

### HAR GHAR THIRANGA

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$$

### SUSHMA SWARAJ MEMORY

മുൻ വിദേശകാര്യ മന്ത്രി സുഷമാ സ്വരാജിന്റെ ചരമവാർഷിക ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാജ്യം. കേന്ദ്രമന്ത്രിമാരായ അമിത് ഷാ,

രാജ്നാഥ് സിങ് ഉൾപ്പെടെയുള്ളവർ സുഷമാ സ്വരാജിനെ അനുസ്മരിച്ചു. 2014 മുതൽ 2019 വരെ കേന്ദ്ര മന്ത്രിസഭയിൽ വിദേശകാര്യ വകുപ്പിൻറെ ചുമതല സുഷമ സ്വരാജ് വഹിച്ചിരുന്നു. 2019 ഓഗസ്റ്റ് 6 ന് ന്യൂഡൽഹിയിലായിരുന്നു അന്ത്യം. വിദേശകാര്യ മന്ത്രാലയത്തെ സാധാരണക്കാരിലേക്ക് അടുപ്പിച്ച സുഷമാ സ്വരാജിന് 2020 ൽ മരണാനന്തര ബഹുമതിയായി പദ്മവിഭൂഷൺ നൽകി രാജ്യം ആദരിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

**Assam - Nadda**

അസമിലെ പ്രളയക്കെടുതികൾ കേന്ദ്രമന്ത്രി ജെ പി നഡ്ഡ അവലോകനം ചെയ്തു. കേന്ദ്ര സർക്കാരിന്റെ എല്ലാ പിന്തുണയും അസമിനുണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. പ്രളയം ഏറ്റവും കൂടുതൽ നാശം വിതച്ച അസം - നാഗാലാൻഡ് അതിർത്തിയിലെ ശിവസാഗർ ജില്ലയിലെ മഴക്കെടുതികൾ ശ്രീ ജെ.പി നഡ്ഡ വിലയിരുത്തി.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**U20 ATHLETICS CHAMPIONSHIP**

അമേരിക്കയിലെ യൂജീനിൽ നടക്കുന്ന ലോക അണ്ടർ-20 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ ഫൈനലിൽ കടന്നു. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ആഷിഷ് യാദവ്, ടി. ധരണിധരൻ എന്നിവരും വനിതകളുടെ ഡിസ്കസ് ത്രോയിൽ അമാനത് കമ്പോജുമാണ് ഫൈനലിലേക്ക് യോഗ്യത നേടിയത്.

$$$$$$$$$$$$$$$$$$$$$$$$

**WEST ASIA (INTRO)**

***പശ്ചിമേഷ്യയിലെ സുരക്ഷാപ്രതിസന്ധിക്കിടെയിലും രാജ്യത്തിന്റെ വ്യാപാര സുരക്ഷ ഉറപ്പാക്കി കേന്ദ്ര സർക്കാർ. സംഘർഷങ്ങൾക്കിടയിലും ചരക്ക്കപ്പലുകൾ സുരക്ഷിതമായി കടന്നു പോകുന്നതായി സർക്കാർ പാർലമെന്റിൽ അറിയിച്ചു.***

***വിശദാംശങ്ങളിലേക്ക്...***

***(വോയിസ്)***

***WEST ASIA (VO)***

***പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കിടയിലും 60 ചരക്കുകപ്പലുകൾ ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായി കടന്നുപോയതായി കേന്ദ്രസർക്കാർ അറിയിച്ചു. ഇതിനുപുറമേ, ഗൾഫ് മേഖലയിൽ കുടുങ്ങിക്കിടന്ന 3,972 ഇന്ത്യൻ നാവികരെ വിജയകരമായി നാട്ടിലെത്തിക്കാനും സാധിച്ചതായും സർക്കാർ വ്യക്തമാക്കി. പ്രതിസന്ധിക്കിടയിൽ ഇന്ത്യ നടത്തിയ ശക്തമായ സമുദ്രസുരക്ഷാ ഇടപെടലുകളുടെ തെളിവാണ് ഈ നടപടികൾ. അതെസമയം , ഹോർമുസ് കടലിടുക്കിലൂടെയുള്ള ചരക്കുനീക്കം സംബന്ധിച്ച് ഒമാനുമായുള്ള കരാർ അന്തിമഘട്ടത്തിലാണെന്ന് ഇറാൻ വ്യക്തമാക്കി. ഈ ആഴ്ച തന്നെ കരാർ പ്രഖ്യാപിച്ചേക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും വ്യക്തമാക്കി. എന്നാൽ, ഇറാൻ തുറമുഖങ്ങൾക്കു മേലുള്ള ഉപരോധം യുഎസ് പിൻവലിക്കുന്നതിനെ ആശ്രയിച്ചായിരിക്കും കരാർ നിലവിൽ വരിക. കടലിടുക്കിന്മേൽ തങ്ങൾക്ക് ഒരു പരിധിവരെ നിയന്ത്രണം വേണമെന്ന നിബന്ധനയിൽ ഇറാൻ ഉറച്ചു നിൽക്കുകയാണ്. ന്യൂസ് ഡെസ്ക്, ആകാശവാണി***

$$$$$$$$$$$$$$$$$$$$$$$$

**IMD-WEATHER**

ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ഒഡീഷ, മഹാരാഷ്ട്ര, കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ ഇന്ന് അതിശക്ത മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഹരിയാന, ചണ്ഡീഗഡ്, ബിഹാർ, ഛത്തീസ്ഗഡ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**RAIN KERALA**

കേരളത്തിൽ മഴക്കെടുതി തുടരുന്നു. വരും ദിവസങ്ങളിൽ മഴയ്ക്ക് ശക്തി കുറയാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ജലനിരപ്പ് അപകടകരമായ രീതിയിൽ തുടരുന്നതിനാൽ പമ്പ, അച്ചൻകോവിൽ നദികളുടെ സമീപ പ്രദേശങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ജലസേചന വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**RAMESH CHENNITHALA**

കേരളത്തിലെ പൊലീസ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി My police station പദ്ധതി ആരംഭിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ഈ മാസം 15 മുതൽ പൊലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻഹൗസ് ഓഫീസർമ്മാരായി സബ് ഇൻസ്പക്ടർമാരെ നിയമിക്കാൻ തിരുമാനിച്ചിരിക്കുകയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. മുല്ലപ്പെരിയാറിന്റെ പ്രധാന്യം കണക്കിലെടുത്ത് ആ സ്റ്റേഷനിലെ എസ് എച്ച് ഒ യുടെ ചുമതല ഡിവൈഎസ് പിക്ക് തന്നെയായിരിക്കുമെന്നും ശ്രീ.രമേശ് ചെന്നിത്തല വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$

## ONAM TRAIN

ഓണക്കാലത്തെ തിരക്ക് കണക്കിലെടുത്ത് കേരളത്തിലേക്ക് പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി റെയിൽവേ. ഈ മാസം 12 മുതൽ പ്രത്യേക സർവീസുകൾ ആരംഭിക്കും. ഈ മാസം 25 ന് വൈകിട്ട് നാലരയ്ക്ക് ഹുബ്ബള്ളിയിൽ നിന്ന് ബംഗളൂരു വഴി കോട്ടയത്തേക്ക് എത്തുന്ന ട്രെയിൻ കോട്ടയത്തു നിന്ന് തിരുവോണ ദിവസം രാത്രി പത്തരയ്ക്ക് പുറപ്പെടും. സെപ്റ്റംബർ ആദ്യവാരം വരെ പ്രത്യേക സർവീസുകളുണ്ടാകും.

$$$$$$$$$$$$$$$$$$$$$$$$

## CABINET SECRETARY TENURE

കേന്ദ്ര കാബിനറ്റ് സെക്രട്ടറി ടി.വി. സോമനാഥന്റെയും കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹന്റെയും സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിലുള്ള നിയമന സമിതിയാണ് ഇതിന് അംഗീകാരം നൽകിയത്.

$$$$$$$$$$$$$$$$$$$$$$$$

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 246 പോയിന്റ് ഉയർന്ന് 78,826 ലും, നിഫ്റ്റി 24 പോയിന്റ് നേട്ടത്തിൽ 24,649 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലകൂടി. പവന് 2,120 രൂപ വർധിച്ച് ഒരു ലക്ഷത്തി 9,800 രൂപയും , ഗ്രാമിന് 13,725 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$

## HOUTHI-SAUDI TANKER

ഏഡൻ ഉൾക്കടലിൽ സൗദിയുടെ എണ്ണക്കപ്പലിന് നേരെ ബാലിസ്റ്റിക് മിസൈലാക്രമണം നടത്തിയതായി യെമനിലെ ഹൂതി വിഭാഗം അറിയിച്ചു. വടക്കൻ ചെങ്കടലിലെ ആക്രമണത്തിന് പിന്നാലെ നടന്ന നീക്കത്തെ തുടർന്ന് കപ്പൽ തിരിച്ചുവിടാൻ നിർബന്ധിതമായി. യെമന് മേലുള്ള

ഉപരോധം മാറ്റുംവരെ സൗദി കപ്പലുകൾ തടയുമെന്നും ഹൂതികൾ മുന്നറിയിപ്പ് നൽകി.

$$$$$$$$$$$$$$$$$$$$$$$$$

## UK POJK PROTEST

പാക് അധീന കശ്മീരിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റിയുടെ ആവശ്യങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചും ബ്രിട്ടനിലെ കശ്മീരി പ്രവാസികൾ ബ്രാഡ്ഫോർഡിൽ പ്രതിഷേധ റാലി നടത്തി. സുരക്ഷാ സേനയുടെ കടുത്ത അടിച്ചമർത്തലിലും റെയ്ഡുകളിലും സാധാരണക്കാർ കൊല്ലപ്പെടുന്നതായി റാലിയിൽ പങ്കെടുത്തവർ ആരോപിച്ചു. അക്രമങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്നും മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ അന്താരാഷ്ട്ര സമൂഹം ഇടപെടണമെന്നും അവർ ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$

## CENTRAL EUROPE HEAT

സ്ലോവാക്യയിൽ 41.4°C, ഓസ്ട്രിയയിൽ 41.2°C എന്നിങ്ങനെ സർവ്വകാല റെക്കോർഡ് താപനില രേഖപ്പെടുത്തിക്കൊണ്ട് മധ്യ യൂറോപ്പിൽ കടുത്ത ഉഷ്ണതരംഗം തുടരുന്നു. ചെക്ക് റിപ്പബ്ലിക്, ഹംഗറി എന്നിവിടങ്ങളിലും ചൂട് രൂക്ഷമാണ്. വരൾച്ചയും കാട്ടുതീയും കാരണം ലക്ഷക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിച്ചു. ലോകത്ത് ഏറ്റവും വേഗത്തിൽ ചൂടുപിടിക്കുന്ന വൻകരയായി യൂറോപ് മാറിയെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$